(ബി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഇവയ്ക്ക് രജിസ്ട്രേഷനും ലൈസൻസും നേടിയെടുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ എക്സ്റേ യൂണിറ്റുകളിൽ റേഡിയേഷൻ സുരക്ഷാ പാളിച്ചകൾ ഉണ്ടെന്ന് റേഡിയേഷൻ സേഫ്റ്റി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലുമുള്ള എക്സ്റേ യൂണിറ്റുകളിൽ ആറ്റമിക് എനർജി റെഗുലേറ്ററി ബോർഡിന്റെ സുരക്ഷിതത്വ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിനും എല്ലാ എക്സ്റേ യൂണിറ്റുകൾക്കും രജിസ്ട്രേഷനും ലൈസൻസും നേടിയെടുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നും എല്ലാ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ സീറ്റുകളും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് നടപടി

3 (6153) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1000 കിടക്കകൾ ഉള്ള ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ മെഡിക്കൽ സീറ്റുകൾ 250 ആയി വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുമായി കേന്ദ്ര സർക്കാർ പ്രത്യേക പദ്ധതി പ്രകാരം അനുവദിച്ച 1300 കോടി രൂപയുടെ പദ്ധതികളിലെ ഏതൊക്കെ പദ്ധതികളിലാണ് സംസ്ഥാനത്തെ 3 മെഡിക്കൽ കോളേജുകളെ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ ഓരോ മെഡിക്കൽ കോളേജിലും എന്ത് തുക വീതമാണ് ധനസഹായമായി ലഭ്യമാക്കുന്നത് ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ ഓരോ മെഡിക്കൽ കോളേജുകളിലും എത്ര സീറ്റ് വീതം വർദ്ധിപ്പിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ ഈ അദ്ധ്യയനവർഷംതന്നെ ഇത്തരത്തിൽ വർദ്ധിപ്പിക്കുന്ന സീറ്റുകളിൽ പ്രവേശനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(ഡി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഇതുവരെ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

എറണാകുളം റീജിയണൽ വാണിന്റെ നിർമ്മാണ പ്രവർത്തനം

4 (6154) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔഷധ പരിശോധനയ്ക്കായി എറണാകുളത്ത് ആരംഭിക്കുന്ന റീജിയണൽ വാണിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) വാണിന്റെ നിർമ്മാണ പ്രവർത്തനം ആരെയാണ് ഏൽപ്പിച്ചിട്ടുള്ള തെന്നും അതിന്റെ പ്രവർത്തനത്തിന് നേതൃത്വം വഹിക്കുന്നത് ആരാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഔഷധ പരിശോധനയ്ക്കായി എറണാകുളത്ത് റീജിയണൽ ഡ്രഗ്ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കുന്നതിന് സർക്കാർ ഭൂമി അനുവദിച്ച് ഡ്രഗ്സ് കൺട്രോൾവകുപ്പിന് കൈമാറി. കെട്ടിടനിർമ്മാണത്തിനുള്ള നടപടികൾ തുടർന്നുവരുന്നു.

(ബി) വാണിന്റെ നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പിനാണ്. കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. കൺസൾട്ടന്റിനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴ മെഡിക്കൽകോളേജിലെ കാത്ത്ലാബിന്റെ പ്രവർത്തനം

5 (6155) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിലെ കാത്ത്ലാബിന്റെ പ്രവർത്തനം ഏതുവരെയായെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തനം പൂർണ്ണതോതിലാരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കാത്ത്ലാബിന്റെ പ്രവർത്തനത്തിനായുള്ള ഓപ്പറേഷൻ തീയേറ്റർ ഉടൻ ആരംഭിക്കുവാൻ നടപടി ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇവിടെ ഡി. എം. കോഴ്സ് ആരംഭിക്കുവാൻ നടപടികൾ ഉണ്ടാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly